# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1999

### 11-03-2020 ൽ മറുപടിക്ക്

**കിഫ്ബിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിരുന്ന ഇൻകൽ നടത്തിയ ക്രമക്കേടുകൾ**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചിരുന്ന ഇൻകൽ-ന്റെ പ്രവൃത്തിയെ സംബന്ധിച്ച് കിഫ്ബിയുടെ ഇൻസ്പെക്ഷൻ ടീം എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ; എങ്കിൽ ഏത് പദ്ധതിയിലായിരുന്നു പരിശോധന നടത്തിയതെന്ന് അറിയിക്കാമോ; | ഇൻകെലിന്റെ താഴെപ്പറയുന്ന പ്രവർത്തികൾ കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്<br>1. എറണാകുളം ജനറൽ ആശുപത്രി<br>2. കൊച്ചിൻ ക്യാൻസർ സെന്റർ കളമശ്ശേരി<br>3 .കളമശ്ശേരി മെഡിക്കൽ കോളേജ്<br>4. ആലപ്പുഴ KSRTC ടെംപററി ഗാരേജ്<br>5. ചിറയിൻകീഴ് താലൂക്ക് ആശുപത്രി |
| (ബി) പ്രസ്തുത പരിശോധനയിൽ ഇൻകൽ നടത്തിയ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ; അതിന്റെ ഫലമായി എത്ര തുകയുടെ നഷ്ടമാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ; | പ്രവർത്തികളിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഇൻകെൽ നടത്തിവരുന്ന പ്രവർത്തികളിൽ കാണപ്പെട്ട അപാകതകൾ ഒബ്സെർവഷൻ മെമ്മോകൾ ആയി അതാതു സമയത്തു തന്നെ ഇൻകെലിനെ അറിയിച്ചിട്ടുണ്ട്. പ്രവർത്തികളിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ മെമ്മോകൾ കിഫ് ബി പിൻവലിക്കുന്നതാണ്. പ്രവർത്തിയിൽ നഷ്ടം ഉണ്ടായതായി കിഫ്ബി കണക്കാക്കിയിട്ടില്ല. ഇൻകെലിന്റെ ഭാഗത്തു നിന്നും ഉണ്ടായ supervisory lapse സെന്റേജ് തുകയിൽ നിന്നും ഈടാക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഇൻകൽ-നെ പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | നിലവിൽ ഇൻകെലിനെ പ്രവർത്തികളിൽ നിന്നും ഒഴിവാക്കാൻ തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല |

**സെക്ഷൻ ഓഫീസർ**